"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കൃഷി വകുപ്പ്- കൃഷിവകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കാർഷിക വികസന സമിതികൾ പുനരുജ്ജീവിപ്പിച്ച് ഉത്തരവ ാകുന്നു.

---

കൃഷി (ആസൂത്രണം-ബി) വകുപ്പ്

സ.ഉ.(കൈ) നം.62/2026/AGRI തീയതി,തിരുവനന്തപുരം, 07-08-2026

---

പരാമർശം:- 1. സ.ഉ (കൈ) നം..20/2020/കൃഷി തീയതി 15.02.2020.

2. സ.ഉ (അച്ചടി) നം..17/2023/കൃഷി തീയതി 04.10.2023.

3. കൃഷി ഡയറക്ടറുടെ 27.07.2026 ലെ ADFW/7655/2026-TV1 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി രൂപം നൽകി പരാമർശം 1 പ്രകാരം പ്രവർത്തിച്ചു വന്നിരുന്ന കാർഷിക വികസന സമിതികളുടെ മൂന്ന് വർഷ കാലാവധി അവസാനിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം 2 പ്രകാരം അവ പുനരുജ്ജീവിപ്പിച്ച് ഉത്തരവായിരുന്നു.

2) നിലവിലെ കാർഷിക വികസന സമിതികളുടെ കാലാവധി കഴിഞ്ഞതിനാൽ കാർഷികമേഖലയിൽ വന്നിട്ടുള്ള മാറ്റങ്ങൾക്കനുസൃതമായി കാലോചിതമായി മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിച്ചു പുതിയ ഒരു മാർഗ്ഗ നിർദ്ദേശത്തിന്റ അടിസ്ഥാനത്തിൽ കാർഷികവികസന സമിതികൾ പുന:സംഘടിപ്പിക്കുന്നതായിരിക്കും അഭികാമ്യമെന്നു കൃഷി ഡയറക്ടർ പരാമർശം 3 പ്രകാരം അറിയിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കാർഷിക വികസന സമിതികൾ ചുവടെ പറയും പ്രകാരം പുനരുജ്ജീവിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

I കൃഷിഭവൻതല കാർഷിക വികസന സമിതി.

1. സ്ഥലം എം.എൽ.എ / പ്രതിനിധി.
2. പഞ്ചായത്ത് പ്രസിഡന്റ് – ചെയർമാൻ.
3. പഞ്ചായത്ത് വൈസ് പ്രസിഡന്റ്.

4. പഞ്ചായത്ത് വികസന or ക്ഷേമകാര്യം സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ.
5. കർഷക കോൺഗ്രസ്സ്, സ്വതന്ത്ര കർഷക സംഘം, കേരള കർഷക യൂണിയൻ (ജോസഫ്), കിസാൻസഭ, കർഷക സംഘം എന്നിവരുടെ ഓരോ പ്രതിനിധി വീതം, കൂടാതെ പ്രിൻസിപ്പൽ കൃഷി ഓഫീസർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് കർഷക പ്രതിനിധികൾ.
6. പ്രിൻസിപ്പൽ കൃഷി ഓഫീസർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വനിതാ കർഷക.
7. പ്രിൻസിപ്പൽ കൃഷി ഓഫീസർ നാമനിർദ്ദേശം ചെയ്യുന്ന പട്ടികജാതി-പട്ടികവർഗ്ഗത്തിലുള്ള കർഷകൻ / കർഷക.
8. ഡി.കെ.ടി.എഫ്, സ്വതന്ത്ര കർഷക തൊഴിലാളി യൂണിയൻ (STU), കേരള കർഷക യൂണിയൻ (ജോസഫ്), കെ.എസ്.കെ.ടി.യു, ബി.കെ.എം.യു, തുടങ്ങിയ അംഗീകൃത കർഷക തൊഴിലാളി സംഘടനകളുടെ ഓരോ പ്രതിനിധി വീതം, വനിത-1, എസ്.സി/എസ്.ടി, കൃഷി ഓഫീസർ നാമനിർദ്ദേശം ചെയ്യുന്ന 2 പേർ (പരമാവധി 9 പേർ).
9. സി.ഡി.എസ്. ചെയർപേഴ്സൺ.
10. കേരള നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ ഓരോ പ്രതിനിധി.
11. പ്രാഥമിക സഹകരണ ബാങ്ക് / വാണിജ്യ ബാങ്ക് / കാർഷിക വികസന ബാങ്കിന്റെ പ്രതിനിധി.
12. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ.
13. മൈനർ ഇറിഗേഷന്റെ ചുമതലയുള്ള പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ.
14. പഞ്ചായത്തിലെ വെറ്ററിനറി സർജൻ.
15. മണ്ണ് സംരക്ഷണ വകുപ്പിനെ പ്രതിനിധീകരിക്കുന്ന ഉദ്യോഗസ്ഥൻ.
16. ബ്ലോക്കിന്റെ ചുമതല വഹിക്കുന്ന കൃഷി അസിസ്റ്റന്റ് ഡയറക്ടർ.
17. പ്രാദേശിക ക്ഷീര വികസന ഉദ്യോഗസ്ഥൻ.
18. ക്ഷീരസംഘം പ്രസിഡന്റുമാർ.
19. വനം-വന്യജീവി വകുപ്പ് പ്രതിനിധികൾ.
20. കേര കർഷക സംഘത്തിന്റെ പ്രതിനിധി.
21. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, ഹോർട്ടികോർപ്പ് എന്നിവയുടെ ഓരോ പ്രതിനിധികൾ (പ്രവർത്തനം ഉള്ള സ്ഥലങ്ങളിൽ മാത്രം).
22. കൃഷി ഭവനിലെ കൃഷി ഓഫീസർ - കൺവീനർ.
23. എഫ്.പി.ഒ. / എഫ്.പി.സി.യുടെ ഓരോരോ പ്രതിനിധികൾ വീതം.

പഞ്ചായത്ത് തല കാർഷിക വികസന സമിതികളിൽ അതാത് പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് മെമ്പർമാരെ കൂടി പ്രത്യേക ക്ഷണിതാക്കളായി ഉൾപ്പെടുത്തേണ്ടതാണ്.

സമിതിയുടെ യോഗം ചേരൽ

മാസത്തിൽ ഒരു തവണ.

II മുനിസിപ്പാലിറ്റി / കോർപ്പറേഷൻ കാർഷിക വികസന സമിതി

1. മുനിസിപ്പൽ ചെയർമാൻ / കോർപ്പറേഷൻ മേയർ - അദ്ധ്യക്ഷൻ.
2. മുനിസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്ന എം.എൽ.എ.മാർ / പ്രതിനിധികൾ.
3. വൈസ് ചെയർമാൻ / ഡെപ്യൂട്ടി മേയർ.
4. വികസന സ്റ്റാന്റിംഗ് കമ്മിറ്റി or ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ.
5. പ്രിൻസിപ്പൽ കൃഷി ഓഫീസർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വനിതാ കർഷക.
6. പ്രിൻസിപ്പൽ കൃഷി ഓഫീസർ - നാമനിർദ്ദേശം ചെയ്യുന്ന പട്ടികജാതി / പട്ടിക വർഗ്ഗത്തിലുള്ള കർഷകൻ / കർഷക.
7. ഡി.കെ.ടി.എഫ്., സ്വതന്ത്ര കർഷക തൊഴിലാളി യൂണിയൻ (STU), കേരള കർഷക യൂണിയൻ (ജോസഫ്), കെ.എസ്.കെ.ടി.യു. തുടങ്ങിയ അംഗീകൃത കർഷക തൊഴിലാളി സംഘടനകളുടെ ഓരോ പ്രതിനിധി വീതം, പ്രിൻസിപ്പൽ കൃഷി ഓഫീസർ നാമനിർദ്ദേശം ചെയ്യുന്ന 2 പേർ (പരമാവധി 9 പേർ).
8. കർഷക കോൺഗ്രസ്സ്, സ്വതന്ത്ര കർഷക സംഘം, കേരള കർഷക തൊഴിലാളി യൂണിയൻ (ജോസഫ്), കിസാൻ സഭ, കർഷക സംഘം എന്നിവരുടെ ഓരോ പ്രതിനിധിവീതം, കൂടാതെ പ്രിൻസിപ്പൽ കൃഷി ഓഫീസർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് കർഷക പ്രതിനിധികൾ.
9. നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ ഓരോ പ്രതിനിധി.
10. പ്രാഥമിക സഹകരണ ബാങ്ക് / വാണിജ്യ ബാങ്ക് / കാർഷിക വികസന ബാങ്കിന്റെ പ്രതിനിധി.
11. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ.
12. മൈനർ ഇറിഗേഷന്റെ ചുമതലയുള്ള മുനിസിപ്പാലിറ്റി / കോർപ്പറേഷൻ തല അസിസ്റ്റന്റ് എഞ്ചിനീയർ.
13. വനം – വന്യജീവി വകുപ്പ് പ്രതിനിധി.
14. മുനിസിപ്പാലിറ്റി / കോർപ്പറേഷനിലെ വെറ്ററിനറി സർജൻ.
15. മണ്ണ് സംരക്ഷണ വകുപ്പിനെ പ്രതിനിധീകരിക്കുന്ന ഉദ്യോഗസ്ഥൻ.
16. ബ്ലോക്ക് പ്രസിഡന്റ്മാർ.
17. ബ്ലോക്കിന്റെ ചുമതല വഹിക്കുന്ന കൃഷി അസിസ്റ്റന്റ് ഡയറക്ടർ.
18. പ്രാദേശിക ക്ഷീര വികസന ഉദ്യോഗസ്ഥൻ.
19. കൃഷി ഡെപ്യൂട്ടി ഡയറക്ടർ / കാർഷിക പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ.

20. കേരകർഷക സംഘം പ്രതിനിധി.
21. കൃഷി ഭവനിലെ കൃഷി ഓഫീസർ / കൃഷി ഫീൽഡ് ഓഫീസർ - കൺവീനർ
22. സി.ഡി.എസ് ചെയർപേഴ്സൺ.
23. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, ഹോർട്ടികോർപ്പ് എന്നിവയുടെ ഓരോ പ്രതിനിധി (പ്രവർത്തനം ഉള്ള സ്ഥലങ്ങളിൽ മാത്രം).
24. എഫ്.പി.ഒ, എഫ്.പി.സി.യുടെ ഓരോരോ പ്രതിനിധികൾ വീതം.

<u>പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ കാർഷിക വികസന സമിതികളുടെ ചുമതലകൾ.</u>

1. പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷന്റെ സമഗ്രമായ വികസനത്തിനുതകുന്ന പ്ലാൻ, പ്രോജക്ട് എന്നിവയുടെ തയ്യാറാക്കൽ.
2. പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ എന്നിവയിലെ കർഷകർ, കൃഷിരീതികൾ, മണ്ണ് എന്നിവയുടെ സ്ഥിതിവിവര കണക്കുകളുടെ വ്യക്തമായ വിവരം ശേഖരിക്കൽ.
3. അതാത് പ്രദേശത്തിന് അനുയോജ്യമായതും, കാർഷിക വികസനത്തിനുതകുന്നതുമായ പദ്ധതികൾ മുൻഗണനാ അടിസ്ഥാനത്തിൽ നിശ്ചയിക്കുകയും അത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഗുണഭോക്താക്കളെ സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ച് തെരഞ്ഞെടുക്കുകയും ചെയ്യുക.
4. കൃഷി വകുപ്പിലെ വിവിധ സ്കീമുകളുടെ പരിധിയിൽപ്പെടുത്തി നിർദ്ദിഷ്ട മാനദണ്ഡ പ്രകാരം അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ഉറപ്പാക്കുകയും ചെയ്യുക.
5. പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷനിലെ വിവിധ കാർഷിക പരിപാടികളുടെ മൂല്യനിർണ്ണയം, വിലയിരുത്തൽ തുടങ്ങിയവ കൂടുതൽ കാര്യക്ഷമമായും വിജയകരമായും നടത്തുന്നതിന് ആവശ്യമായ ഉപദേശങ്ങൾ നൽകുക.
6. പ്രകൃതിക്ഷോഭം ഉണ്ടാകുമ്പോൾ അടിയന്തിര സഹായം എത്തിക്കുന്നതിന് കൂട്ടായ നടപടികൾ സ്വീകരിക്കുക.
7. പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷനിൽ കൃഷി മേഖലയ്ക്ക് ഉപയോഗ്യമാകുന്ന ക്രഡിറ്റിന്റെ വിലയിരുത്തലും മോണിറ്ററിംഗും.
8. ഗുണനിലവാരമുള്ള ജൈവവളങ്ങളുടെ ലഭ്യത തിട്ടപ്പെടുത്തൽ.

<u>സമിതിയുടെ യോഗം ചേരൽ</u>

മാസത്തിൽ ഒരു തവണ

**III** <u>ജില്ലാതല കാർഷിക വികസന സമിതി</u>

1. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് – ചെയർമാൻ.

2. ജില്ലാ കളക്ടർ - വൈസ് ചെയർമാൻ.
3. ജില്ലയിലെ എം.പി.മാർ.
4. ജില്ലകളിലെ രാജ്യസഭാ എം.പി.
5. ജില്ലയിലെ എം.എൽ.എ.മാർ / പ്രതിനിധി.
6. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ്.
7. മുനിസിപ്പൽ ചെയർമാൻ.
8. കോർപ്പറേഷൻ മേയർ.
9. ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ.
10. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ.
11. പഞ്ചായത്തു പ്രസിന്റുമാരിൽ നിന്നും സർക്കാർ തെരഞ്ഞെടുക്കുന്ന രണ്ടു പ്രതിനിധികൾ.
12. കേര കർഷക സംഘം പ്രതിനിധി.
13. കർഷക കോൺഗ്രസ്സ്, സ്വതന്ത്ര കർഷകസംഘം, കർഷക സംഘം, കേരള കർഷക യൂണിയൻ (ജോസഫ്), കിസാൻ സഭ, എന്നിവയുടെ ഓരോ പ്രതിനിധി വീതം, കൂടാതെ പ്രിൻസിപ്പൽ കൃഷി ഓഫീസർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് കർഷക പ്രതിനിധികൾ.
14. കൃഷി ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വനിതാ പ്രതിനിധി, ഒരു പട്ടിക ജാതി/ പട്ടികവർഗ്ഗ പ്രതിനിധിയും മൂന്ന് കർഷക പ്രതിനിധികളും.
15. ഡി.കെ.ടി.എഫ് , സ്വതന്ത്ര കർഷക തൊഴിലാളി യൂണിയൻ (STU). കേരള കർഷക യൂണിയൻ (ജോസഫ്), കെ.എസ്.കെ.ടി.യു, ബി.കെ.എം.യു തുടങ്ങിയ അംഗീകൃത കർഷക തൊഴിലാളി സംഘടനകളുടെ ഓരോ പ്രതിനിധി വീതം (പരമാവധി 7 പേർ).
16. കേരള നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ ഓരോ പ്രതിനിധി.
17. ജില്ലാ മൃഗസംരക്ഷണ ഓഫീസർ.
18. ജില്ലാ ക്ഷീരവികസന ഓഫീസർ.
19. മൈനർ ഇറിഗേഷൻ, എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ.
20. ജില്ലാതല ഇലക്ട്രിസിറ്റി ബോർഡ് എഞ്ചിനീയർമാർ, റോഡ് ബിൽഡിംഗ് എഞ്ചിനീയർമാർ.
21. പട്ടികജാതി / പട്ടികവർഗ്ഗ വികസന ജില്ലാ ഓഫീസർ.
22. വനം-വന്യജീവി വകുപ്പ് ജില്ലാതല ഉദ്യോഗസ്ഥൻ.
23. ജില്ലാ ഫിഷറീസ് ഓഫീസർ.
24. ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ.
25. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി).
26. കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ.
27. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ജില്ലാ മാനേജർ, ഹോർട്ടികോർപ്പിന്റെ ജില്ലാ മാനേജർ.
28. എഫ്.പി.ഒ / എഫ്.പി.സി. പ്രതിനിധികൾ.

29. അതാത് ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർ - കൺവീനർ.

ഇടുക്കി ജില്ലാ കാർഷിക വികസന സമിതിയിലേയ്ക്ക് KADS-ന്റെ പ്രതിനിധിയെ പ്രത്യേക ക്ഷണിതാവായി ഉൾപ്പെടുത്തേണ്ടതാണ്. മറ്റു വകുപ്പുകൾ കൂടി ഉൾപ്പെടുന്ന വിഷയങ്ങളിൽ അതാത് വകുപ്പിന്റെ ജില്ലാ ഉദ്യോഗസ്ഥനെ യോഗങ്ങളിൽ പങ്കെടുപ്പിക്കുവാനുള്ള അംഗീകാരം ജില്ലാ കളക്ടർ / ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന് ഉണ്ടായിരിക്കുന്നതാണ്.

<u>ജില്ലാതല കാർഷിക വികസന സമിതിയുടെ ചുമതലകൾ.</u>

1. കാർഷിക വികസന പരിപാടികളും അവയുമായി ബന്ധപ്പെട്ട പല വകുപ്പുകളുടെയും പ്രവർത്തനങ്ങൾ ജില്ലാതല അടിസ്ഥാനത്തിൽ അവലോകനം ചെയ്യുക.
2. വിത്ത്, തൈകൾ, വളങ്ങൾ, കീടനാശികൾ, വായ്പ മുതലായവയുടെ ലഭ്യത, വിതരണം തുടങ്ങിയ കാര്യങ്ങൾ വിലയിരുത്തുക.
3. ജില്ലയിലെ ജലസേചന സൗകര്യങ്ങൾ, അവയുടെ സംരക്ഷണം, അറ്റകുറ്റ പണികൾ മുതലായവയ്ക്കായി എടുത്തിട്ടുള്ള നടപടികൾ അവലോകനം ചെയ്യുക.
4. വായ്പാധിഷ്ഠിത കാർഷിക വികസന പദ്ധതികൾ അവലോകനം ചെയ്യുക.
5. ചെറുകിട ജലസേചന പ്രവർത്തനങ്ങൾ, പമ്പ് സെറ്റുകൾ ഊർജ്ജവൽക്കരിക്കൽ തുടങ്ങിയവ അവലോകനം ചെയ്യുക.
6. വരൾച്ച, വെള്ളപ്പൊക്കം മുതലായ പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുന്ന പക്ഷം കൃഷിക്കാർക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് അടിയന്തിര സഹായം നൽകുന്നതിന് വേണ്ട നടപടികൾ നിർദ്ദേശിക്കുക.
7. ജില്ലാതലത്തിൽ നടപ്പിലാക്കിയ കാർഷിക പരിപാടികളുടെ ഫലപ്രദമായ നിർവ്വഹണത്തിന് ആവശ്യമായ ഉപദേശങ്ങൾ നൽകുക.

<u>സമിതിയുടെ യോഗം ചേരൽ</u>

രണ്ടുമാസത്തിൽ ഒരുതവണ

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ടി വി ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, കാർഷികവികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
എം.പി/രാജ്യസഭാ എം.പി/എം.എൽ.എ (ആമുഖ കത്ത് സഹിതം)

ചെയർമാൻ, സ്പൈ... സസ് ബോർഡ്
ചെയർമാൻ, കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡ്
ചെയർമാൻ, കോഫി ബോർഡ്.
ഡയറക്ടർ, കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം.
ഡയറക്ടർ, കാഷ്യൂ & കൊക്കോ ഡെവലപ്പ്മെന്റ്,എറണാകുളം.
ഡയറക്ടർ, കേന്ദ്ര കിഴങ്ങുവിള ഗവേഷണകേന്ദ്രം.
ഡയറക്ടർ, സുഗന്ധവിള ഗവേഷണകേന്ദ്രം.
ഡയറക്ടർ ഓഫ് അരക്കനട്ട് ആന്റ് സ്പൈസസ്,കോഴിക്കോട്.
വൈസ് ചെയർമാൻ. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്.
വൈസ് ചാൻസലർ,കേരള കാർഷിക സർവ്വകലാശാല.
ചീഫ് എൻജിനീയർ ജലസേചന വകുപ്പ്.
ചീഫ് എൻജിനിയർ തദ്ദേശസ്വയംഭരണ വകുപ്പ്.
ചീഫ് ജനറൽ മാനേജർ, നബാർഡ്.
എക്സിക്യൂട്ടിവ് ഡയറക്ടർ, കുടുംബശ്രീ.
ഡയറക്ടർ, ക്ഷീരവികസന വകുപ്പ്.
ഡയറക്ടർ, മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ്.
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്.
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്.
എല്ലാ ജില്ലാ കളക്ടർമാർക്കും.
മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്.
പ്രസിഡന്റ്, സംസ്ഥാന കാർഷിക വികസന ബാങ്ക്
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും (കൃഷി ഡയറക്ടർ മുഖേന).
ചിഫ് എക്സിക്യൂട്ടിവ് ഓഫീസർ, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ.
മാനേജിംഗ് ഡയറക്ടർ, ഹോർട്ടികോർപ്പ്.
വികസന സമിതിയിലെ മറ്റ് അംഗങ്ങൾക്കും (പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേന).
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Digitally signed by
Manesh C M
Date: 07-08-2026
21:18:56

സെക്ഷൻ ഓഫീസർ

ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പി.എസിന്.

ബഹു.തദ്ദേശ സ്വയംഭരണ വകപ്പ് മന്ത്രിയുടെ പി.എസിന്

ബഹു., റവന്യൂ വകപ്പ് മന്ത്രിയുടെ പി.എസിന്